
വരമൊഴി 2020
സ്വാഗതം
ST PHILOMINAS HS
THIRUVANIYOOR


AN E-MAGAZINE
BY
LITTLE KITES
STUDENTS

ആമുഖം

ആധുനിക വിദ്യാഭ്യാസ രംഗത്ത് അറിവ് സ്വയം നിർമ്മിക്കേണ്ട ഒന്നാണ്.വിവരവിനിമയ സാങ്കേതികവിദ്യ ഇന്ന് ഇത്തരം പ്രക്രിയയിൽ മുഖ്യപങ്ക് വഹിക്കുന്നു.ഇതിന്റെ പ്രതിഫലനമാണ് തിരുവാണിയൂർ സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് അണിയിച്ചൊരുക്കുന്ന ഡിജിറ്റൽ മാഗസിൻ-"വരമൊഴി."

സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളിൽ നിന്നും ശേഖരിച്ച രചനകളിൽ ചിലത് ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ വരമൊഴി ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സാങ്കേതികവിദ്യ അഭിരുചിയുടെ ചെറിയൊരു സംഭാവനയാണ്.കൂടുതൽ വളർച്ചക്കായി ആശംസകളേകുന്നു.......................

# സന്ദേശം

നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സിന്റെ' ആഭിമുഖ്യത്തിൽ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷവും അഭിമാനവുമുണ്ട്.കുട്ടികളുടെ സർഗാത്മക കഴിവുകളും സാങ്കേതിക വിദ്യയും സമന്വയിപ്പിച്ചുള്ള ഈ സംരംഭം തീർച്ചയായും അവർക്ക് ഈ മേഖലയിലുള്ള

കഴിവുകൾ വികസിപ്പിക്കുന്നതിന് ഉപകരിക്കും .കുട്ടികളുടെ ഈ അമൂല്യസംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു. ഇത് വലിയോരു കുതിപ്പിന്റെ ആദ്യ ചുവടുവയ്പാകട്ടെ എന്നാശംസിക്കുന്നു.ഇതിൽ പങ്കുചേർന്ന എല്ലാ വിദ്യാർത്ഥികളെയും ആവശ്യമായ നിർദേശങ്ങൾ നൽകി അവരെ സഹായിച്ച 'ലിറ്റിൽ കൈറ്റ്സിന്റെ' ചുമതല വഹിക്കുന്ന അധ്യാപകരെയും അഭിനന്ദിക്കുന്നു

എന്ന് സ്നേഹപൂർവം,

ഹെഡ് മാസ്റ്റർ

റവ.ഫാ.കെ.വി.പൗലോസ്

## *പ്രവർത്തന പുസ്തക രചനാസമിതി*

**അംഗങ്ങൾ**

**ഗ്രിഗറി പി തങ്കച്ചൻ**

**(ലീഡർ,ലിറ്റിൽ കൈറ്റ്സ്)**

**നിഖിൽ കൃഷ്ണ എം സുരേഷ്**

**(ക്ലാസ് 9)**

**ജ്യോതിഷ് വി എസ്**

**(ക്ലാസ് 9)**

**അദിഷേക് പി.എസ്**

(ക്ലാസ് 9)

ഡേവിഡ് ഡാനിയൽ ബെന്നി

(ക്ലാസ് 9)

എൽദോസ് പി തങ്കച്ചൻ

(ക്ലാസ് 9)

ആൽബിൻ സണ്ണി

(ക്ലാസ് 9)


## ഉള്ളടക്കം


| | | |
|---|---|---|
| 1 | പ്രേമസംഗീതം | |
| 2 | സൗന്ദര്യലഹരി | |
| 3 | കുട്ടിയും തള്ളയും | |
| 4 | മിന്നാമിനുങ്ങ് | |
| 5 | വിശ്വാസം | |
| 6 | വെള്ളരിവള്ളി | |
| 7 | അത്തം പത്തോണം | |
| 8 | മാളുവിന്റെ ധീരത | |
| 9 | നീയാം പുഴയെ | |
| 10 | പുഴയെ നീ | |
| 11 | മലയണ്ണാനും | |

| | | |
|---|---|---|
| | മുയൽക്കുട്ടൻമാരും | |
| 12 | സുഖിമാനും ദു:ഖിമാനും | |
| 13 | ശാപക്കോട്ട | |
| 14 | മലയാള പഴഞ്ചൊല്ലുകൾ | |


## പ്രേമസംഗീതം

## ഉള്ളൂർ എസ് പരമേശ്വരയ്യർ




ഒരൊറ്റമതമുണ്ടു -ലകി,നനയിരാം പ്രേമം;
അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമുള്ളൂട്ടും
പാർവണശശിബിംബം
ഭക്ത്യനരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം

പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.

അതിന്നൊരരിയാം നാസ്തികൃംതാൻ ദ്വേഷം; ലോകത്തി--

ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.

മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,

മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

II

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പൂ സാർത്ഥകമായ്;

ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.

പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും

ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?

പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;

പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.

പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ

പിണയ്പ്പൂമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പൂ സംഹൃതിയിൽ

വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ

വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പൂസവിധത്തിൽ

മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ

മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ

പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും ശുഭമാം

പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘനമാസ്ത്തോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി
പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്

[ 3 ]

III

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;
പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്‌വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.
പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;

പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.
നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ
പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.
ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-
ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ
അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--
ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?
അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ--
സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.
ആഴ് വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം
അരചർക്കരചനുമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവർ--
ക്കതിൽക്കൊളുത്തിന തിരിതാ-ൻ കത്തുവതന്തഃകരണാഖ്യം.

IV

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!

നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.

വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ചിത്തം;

വിശ്വപ്രിയമായ് നടനം ചെയ് വതു വിധേയനെൻകൃത്യം.

[ 4 ]

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴപ്പേകാ-

നനുചരനാവാ, മണിയാടകളല്ലഭിനയമതു സിദ്ധം.

അകമേ നിലകൊണ്ടതാതു ചുവടുക,ളാമരുതെന്നുതിരി-

ച്ചടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.

അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷംമുതൽ ഞാ-

നരങ്ങുമണിയറയും പുകഴും മട്ടാടാനതുചതുരൻ.

പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മൂ

ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?

പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഖം;

പരമാർത്ഥത്തില്പ്പരനും ഞാനും ഭവാനുമൊന്നല്ലീ?

ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും

പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!

മണിമഞ്ജൂഷ 1933




# സൗന്ദര്യലഹരി

## ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഗ്ഘമായീടും
ചാരുതയൊന്നീ ലോകഗാളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജ്ജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവ്വദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരംപൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയുംസന്ധ്യാ ശ്രീയും;
വാനിലുല്ലസിച്ചിട്ടും വാര്മതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്തമണിത്തെന്നൽ സൗരഭോന്മദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ;

അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തന്തിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൽ ചുറ്റും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവെ;
വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-
"ജ്ജീവിക്കു, ജീവിക്കു," കെന്നൽബോധിപ്പിപ്പൂ നിത്യം.
"നുകരു,നുകരു,മത്സൗന്ദര്യം!"-നമ്മോടിളം-
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.
"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"
പാടലദലാധരം പേർത്തുമുച്ചലിക്കെ,ച്ചെ-
റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.
ഹ ജ്ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീർക്കാനാവുകി, ലതേ കാമ്യം!
സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം
പോയാലോ പോയി;-പിന്നെയൊന്നു, മില്ലെല്ലാം ശൂന്യം!
ഇന്നുനാമുള്ളോ,രില്ലാത്തവരായ്ത്തീർന്നിടേണം
പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനായ്.
ഇന്നലെ,ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു ഞാ-
നിന്നിനിച്ചിരിക്കട്ടെ;- നാളെഞാനൊഴിഞ്ഞേയ്ക്കാം!
പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ
'മതി!'- യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും!27-8-1108



# കുട്ടിയും തള്ളയും

## കുമാരനാശാൻ

പൂക്കുന്നിതാ മുല്ല,
പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവയ്ക്കെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-

ക്കുടാർന്ന ദിക്കോർത്തു പോകുന്ന വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-

യന്തിക്കു പൂങ്കാവിലാളേറെയായി;

സന്തോഷമേറുന്ന, ദേവാലയത്തിൽ

പൊന്തുന്ന വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ

ലോകത്തിനാനന്ദമേകുന്നിതീശൻ

ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ

പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-

ലെന്തോന്നുരയ്ക്കുന്നു നീ?—ഞാനറിഞ്ഞൂ,

"എന്താതനാം ദേവനോതുന്നതേ ഞാ-

നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

*22 ഏപ്രിൽ 1910*



## മിന്നാമിനുങ്ങ്
## കുമാരനാശാൻ

ഇതെന്തൊരാനന്ദമിതെന്തു
കൗതുകം!
സ്വതന്ത്രമായ്
സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു
ഹാ! പറ-
ന്നിതാ തൊടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-

ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും
വിലോലമായ് മാവിലുമങ്ങുമിങ്ങുമേ
വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ
നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

മിനുങ്ങി നീ ചെന്നിട്ടു, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രൂരുഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെൺതൊടാനെടോ!

അതാ വിളങ്ങുന്നു ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവറ്റയാർ-
ന്നിരുട്ടിൽ മിന്നുന്നു മരങ്ങളാകവേ;
നിരന്നു നക്ഷത്രഗണങ്ങൾ കീഴ്മമാ-
ർന്നിരട്ടയായ് തീർന്നൊരു വിണ്ണുപോലവേ.

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാർന്നു പൊങ്ങിയും

തളർന്നുവീണും—ചെറുതാരമൂഴിതാൻ
വളർപ്പതാമിങ്ങിതു—തള്ള വാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുമേ.

കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുമ്പടിതന്നെയെങ്ങും
മിനുങ്ങിമങ്ങും ചൊടിയാർന്ന മിന്നാ-
മിനുങ്ങുമുൾപ്പൂവുമുടപ്പിറപ്പോ?

*സെപ്തംബർ 1912*



# വിശ്വാസം

ഒരിടത്ത് ഒരു പണ്ഡിതനുണ്ടായിരുന്നു.ഒരു നദിക്കരികിലാണ് അദ്ദേഹം
താമസിച്ചിരുന്നത്.അദ്ദേഹത്തിന് നിത്യവിശ്വാത്തിനുള്ള പാൽ എത്തിച്ചിരുന്നത് നദിയുടെ അക്കരെ താമസിച്ചിരുന്ന സ്ത്രീയായിരുന്നു.
പല ദിവസങ്ങളിലും വളരെ വൈകിയാണ് അവർ പാലുമായി വന്നിരുന്നത്.പല തവണ ഇത് ആവർത്തിച്ചപ്പോൾ പണ്ഡിതൻ അവളോട് കാരണം തിരക്കി."അവിടന്നു ക്ഷമിക്കണം,എന്റെ കുറ്റം കൊണ്ടല്ല വൈകുന്നത്.ഞാൻ വളരെ നേരത്തേതന്നെ വീട്ടിൽ നിന്നിറങ്ങും.പക്ഷെ കടത്തുകാരന് ഒരു
സമയനിഷ്ഠയില്ലാത്തതിനാൽ യഥാസമയം നദി കടന്നു വരാൻ പറ്റില്ല".അപ്പോൾ പണ്ഡിതൻ പരിഹാസത്തോടെ പറഞ്ഞു "ഇനി മുതൽ കടത്തുകാരനെ കാത്തു നിൽക്കണ്ട,ദൈവനാമം ഉച്ചരിച്ചുകൊണ്ട് വെള്ളത്തിനുമീതെ നടന്നു പോരണം.അല്ല പിന്നെ".അക്ഷരഭ്യാസമില്ലാത്ത
ആ പാവം സ്ത്രീക്ക് തന്നെ പണ്ഡിതൻ കളിയാക്കിയതാണ് എന്നു മനസ്സിലാക്കാനായില്ല.പിന്നീടുള്ള ദിവസങ്ങളിൽ അവർ ഒട്ടും വൈകിയില്ല.എന്നും കൃത്യസമയത്ത് വരാൻ തുടങ്ങി .പണ്ഡിതൻ ചോദിച്ചു."ഇപ്പോൾ കടത്തിന്റെ പ്രശ്നമൊക്കെ തീർന്നോ?നീ എന്നും കൃത്യസമയത്ത് എത്താറുണ്ടല്ലോ?"."അതിന് ഞാനിപ്പോൾ കടത്ത് നോക്കാറേയില്ലല്ലോ?".സ്ത്രീ മറുപടി പറഞ്ഞു. "പിന്നെ നീ എങ്ങനെയാണ്  നദികടക്കുന്നത്?"പണ്ഡിതൻ ചോദിച്ചു.
"അങ്ങുപദ്ദേശിച്ചത് പോലെ ദൈവനാമത്തിൽ.....".സ്ത്രീ പറഞ്ഞു.നീ എന്താണ് ഉദ്ദശിച്ചത് ?എനിക്ക് മനസ്സിലായില്ല.ഞാൻ കണ്ണടച്ച് ഏകാഗ്രതയോടെ ദൈവനാമം ഉച്ചരിച്ചുകൊണ്ട് നടന്നു പോരും. ഇങ്ങനെയാണ്  എന്നും വരാറുള്ളത്".പണ്ഡിതൻ വാപൊളിച്ചുപോയി.
വിശ്വാസത്തിന്റെ ശക്തി അപാരം തന്നെ അല്ലേ?

സാദിയ പി.എസ്സ്



# വെള്ളരിവള്ളി

തീപ്പിടിച്ചപ്പോലുള്ള വെയിലിൽ
വേർപ്പോഴുക്കി ഞാൻ വിത്തു വിതച്ചാൽ
വാനത്തിന്റെ വലിയ വയലിൽ
വാർമുകിലതു കാണവാനെത്തും

വേനൽച്ചൂടിനന്നെന്റെ പറമ്പിൽ
നൂണകേറാൻ കഴിഞ്ഞില്ല തെല്ലും
വാഴകളുടെ സമ്മതം വേണം

വായുവിനും വളപ്പിൽ  കടക്കാൻ

പത്തുകൊട്ട  വളത്തിനതിന്റ
പത്തിരട്ടി ഫലങ്ങളുമായി
മത്തകുമ്പളമെന്നിവയെല്ലാം
ഒത്തതായെന്റ   കായ്കറിതോട്ടം

മൺകുടവുമായി  തോട്ടത്തിലെത്താൻ
എൻ  കുടുംബിനി ചെറ്റുവൈകിചാൽ
പൊൻകുറിയിട്ട  വെള്ളരിവള്ളി
സങ്കടത്താൽ തലതാഴ്ത്തി  നിൽക്കും

നിഖിൽകൃഷ്ണ എം സുരേഷ്



## അത്തം പത്തോണം

അത്തറു  പൂശിയ  പൂക്കളുമായ്


അത്തം വന്നു മലനാട്ടിൽ
ചെത്തിപ്പൂവിൻ കുമ്പിളുമായ്
ചിത്തിര വന്നു പിന്നാലെ

ചോടുകൾ വച്ചു താളത്തിൽ
ചോതിയണഞ്ഞു ചന്തത്തിൻ
പുത്തൻപുടവയണിഞ്ഞെത്തി
മുത്തുകൾ ചൂടിയ വൈശാഖം

അടയും പഴവും നേദിക്കാൻ
അനിഴം വന്നാനഴകോടെ
തൃക്കാക്കരയിലെഴുന്നൊള്ളാൻ
തൃക്കേട്ടയ്ക്കു തിരക്കായി

കോലും കുഴലും പീലിയുമായ്
മൂലം വന്നു കുളിരേകാൻ
ഉത്രാടക്കാറ്റെത്തുന്നു ഉത്സവഘോഷം പൊങ്ങുന്നു
തിത്തെയ് തിത്തെയ് തിരുവോണം
തിത്തകയെന്നൊരു പോന്നോണം

ജിൻസി മോൾ ബൈജു



# മാളുവിന്റെ ധീരത

പണ്ട് പണ്ട് ഒരു രാജ്യത്ത് സ്ക്കോപ്ജെ എന്ന പേരുള്ള ഒരു ചെറിയ ഗ്രാമമുണ്ടായിരുന്നു. അവിടെ ഒരു സുന്ദരിയായ പെണ്ണുണ്ടായിരുന്നു. അവളുടെ പേര് മാളവിക. അവൾ അതിസുന്ദരി ആയതുകൊണ്ട് എല്ലാ യുവാക്കളും അവളുടെ പിറകെ ആയിരുന്നു. അവൾ ഒരു പാവമായിരുന്നു. നല്ല മനസാക്ഷി ഉള്ളവൾ.അവളുടെ വീട് ഏകദേശം കാടിന്റെ അടുത്തായിരുന്നു. അവൾ ഒരു ദിവസം പച്ചക്കറി പറിക്കാൻ കാട്ടിലേയ്ക്ക് പോയപോഴാണ് അവളുടെ അമ്മ പറഞ്ഞ കാര്യം മാളു ഓർത്തത്. "കാടിന്റെ ഉളളിലേയ്ക്ക് പോകരുത് മാളു അത് എപ്പോഴും ഓർക്കുക". പെട്ടന്ന് അവൾ നോക്കിയപ്പോൾ കാടിന്റെ നടുവ് കടന്നിരിക്കുന്നു. അവൾ ഭയന്നില്ല. പെട്ടന്ന് നോക്കിയപ്പോൾ കുട്ടികളുടെ കരച്ചിൽ കേട്ടു കൂടാതെ നല്ല വെളിച്ചവും കണ്ടു. പെട്ടന്ന് അവൾ ഓടി . അടുത്തെതിയപ്പോഴാണ് അവൾ അറിഞ്ഞത് അത് തീ ആയിരുന്നുയെന്ന്. അവൾ ഓടിചെന്ന് ആ കുട്ടികളെ രക്ഷിച്ചു. കുട്ടികളുടെ അമ്മ രക്ഷപെട്ടിരുന്നു അവൾ അവരെയും കൊണ്ട് മുന്നോട്ടുനടന്നു. അവൾ വീട്ടിൽ എത്തി. അമ്മ അവളെ ഒരുപാട് വഴക്കുപറഞ്ഞു. അമ്മേ ശരിയാണ് ഞാൻ അറിയാതെ കാടിന്റെ ഉള്ളിൽ പോയി. പക്ഷെ ആ സമയത്താണ് എനിക്ക് ഇവരെ രക്ഷിക്കാൻ കഴിഞ്ഞത്.അവിടെ സംഭവിച്ച കാര്യങ്ങൾ ഒക്കെ പറഞ്ഞു.മാളുവിന്റെ അമ്മ പറഞ്ഞു. "മാളു നീ ഒരു ധീരയാണ്,ഒരു ധീരവനിത". മാളു ചിരിച്ചു,അത് കണ്ട് എല്ലാവരും ചിരിച്ചു. അങ്ങനെ മാളുവും,മാളുവിന്റെ അമ്മയും ,അച്ചനും പിന്നെ അവൾ രക്ഷിച്ച ആ

**രണ്ടു കുട്ടികളെയും അവരുടെ അമ്മയും കൂടി സുഖമായി ജീവിച്ചു .**



# നീയാം പുഴയെ

പുഴയെ നീ ഒരു വർണ്ണവിശാലത
നീ തഴുകുന്ന തഴുകൽ......
നീയാം പുഴയെ....
കാട്ടുമേട്ടുകളിലൂടെ ഇടതല്ലി
ഒഴുകുന്നു നീ
പുഴയെ നീയോരു വർണ്ണവിശാലത
നിൻ അഴകാം ഒഴുകലെ പുഴയെ............

ജെസ്സ .പി. ജേക്കബ്.





## പുഴയെ നീ

പുഴയെ പുഴയെ
നിൻ മലർശബ്ദം....
നിൻ ജീവസ്ഉണർത്തും
നിന്നോമൽ
കാല്ത്താളം

നിൻ അഴകിനെ എങ്ങനെ
ഞാൻ വിശേഷിപ്പിക്കും

നീ ഒരു മുത്തുചിപ്പിയാണ്
നീ ഒഴുകി ഒഴുകി
അറബിക്കടലിൽ പതിക്കുന്നു

*ജെസ്ന.പി.ജേക്കബ്*



# *മലയണ്ണാനും മുയൽക്കുട്ടന്മാരും*

ഇരട്ടകളായ മുയൽക്കുട്ടന്മാരാണ് ചിഞ്ചുവും ചില്ലുവും. രണ്ടു പേരും എപ്പോഴും ഒരുമിച്ചാണ് നടപ്പും കിടപ്പും എല്ലാം.മരത്തണലിൽ ഇരുന്ന് അവർ പരസ്പരം ഗുസ്തി പിടിക്കും.ചാടിയും മറിഞ്ഞും കളിച്ചു രസിക്കും.ചിലപ്പോൾ കളി അല്പം കാര്യമാകും.അപ്പോൾ ഒരാൾ കരഞ്ഞുകൊണ്ട് ഓടി അമ്മയുടെ അടുത്തെത്തും.പിറകേതന്നെ ഓടിയെത്തും അടുത്തയാളും.രണ്ടു പേരും  അമ്മയോടു പരാതി പറയും.അമ്മ രണ്ടുപേരെയും ആശ്വസിപ്പിക്കും, "സാരമില്ല.ഇനി രണ്ടു പേരും സൂക്ഷിച്ചുകളിക്കണം".ചിഞ്ചുവും ചില്ലുവും കുറേനേരം പിണങ്ങിമാറിയിരിക്കും.വീണ്ടും തുടങ്ങുംഅവരുടെ കുസൃതികൾ.

അവരുടെ ഈ വികൃതികൾ കണ്ടാൽ മറ്റുള്ള മുയലുകൾ പറയും. "സുന്ദരക്കുട്ടന്മാർ വീണ്ടും തുടങ്ങിയോ ഗുസ്തി".തൂവെള്ള നിറമായിരുന്നു

ഈ ഇരട്ടക്കുട്ടികൾക്ക്.നല്ല നീളമുള്ള കാതുകൾ ചലിപ്പിച്ച് അവർ ചാടിച്ചാടി വരുന്നത് കാണുമ്പോൾ മുയൽക്കുട്ടന്മാരുടെ എറ്റവും അടുത്ത സുഹൃത്ത് മലയണ്ണാനും മരത്തിൽ നിന്നും ഇറങ്ങിവരും.പിന്നെ മൂന്നുപേരും ചേർന്ന് കളി തുടങ്ങും.

ഒരു ദിവസം ചിഞ്ചുവും ചില്ലുവും  കളിയൊക്കെ മതിയാക്കി കരിയിലക്കൂട്ടത്തിൽ കിടന്നുറങ്ങിപോയി.പതിവുപോലെ തീറ്റയൊക്കെ കഴിഞ്ഞ് തന്റെ കൂട്ടുകാരെ തിരക്കി മലയണ്ണാനും ഇറങ്ങി.കാട്ടകെ തിരക്കിയിട്ടും മലയണ്ണാന് അവരെ കണ്ടുപിടിക്കാനായില്ല.മലണ്ണാന് ആകെ ഭയമായി.തന്റെ കൂട്ടുക്കാർക്ക് എന്തെങ്കിലും കുഴപ്പം പറ്റിയോ? അവൻ മരച്ചില്ലയിൽ ചാരിയിരുന്നു ചിന്തിച്ചു തുടങ്ങി.അങ്ങനെ കുറേസമയം കഴിഞ്ഞു.കറുമ്പൻകാക്ക പാറിവന്ന് അവന്റെ തൊട്ടടുത്തുള്ള മരക്കൊമ്പിൽ വന്നിരുന്നുകൊണ്ട് പരാതി പറയുന്നതവൻ ശ്രദ്ധിച്ചു. "ഇങ്ങനെയുണ്ടോ മുയലുകൾ?”മലയണ്ണാൻ ചിന്തയിൽനിന്നുണർന്ന് കറുമ്പനെ നോക്കികൊണ്ട് ചോദിച്ചു: “എന്താണ സ്നേഹിതാ നീ വളരെ ദേഷ്യത്തിലാണല്ലോ?” കറുമ്പൻ മലയണ്ണാനേ കണ്ടതും അവന്റെ സമീപമെത്തി.എന്നിട്ടു പറഞ്ഞു: “ആ ഇരട്ടക്കുട്ടികൾ ,തന്റെ ഒരു മര്യാദയും  അറിയില്ല ആ വികൃതികൾക്ക്".കറുമ്പന്റെ ദേഷ്യം കണ്ട് മലയണ്ണാന് ചിരിവന്നു.എങ്കിലും തന്റെ കൂട്ടുക്കാരുടെ കാര്യമാണ് കറുമ്പൻ പറയുന്നതെന്ന് മലയണ്ണാന് മനസ്സിലായി.അവൻ ചോദിച്ചു: “അവരെന്തു ചെയ്തു”. കറുമ്പൻ ഒട്ടും താത്പര്യമില്ലാതെ പറഞ്ഞു: “എന്തു പറയാനാ, നീയും അവരുടെ കൂട്ടാണെന്നും ഞനറിഞ്ഞതു നേരാണോ?”,മലയണ്ണാൻ നേരെ നിവർന്നിരുന്ന് കാക്കയുടെ നേരെ കൈചൂണ്ടികൊണ്ടു

ചോദിച്ചു: "അവർ നിന്റെയടുത്തു വല്ല കുസൃതിയും ഒപ്പിച്ചോ?".കാക്ക വളരെ പരിഹാസത്തോടെ പറഞ്ഞു: "കുസൃതിയോ? കൊള്ളാം ഞാനില്ലായിരുന്നെങ്കിൽ രണ്ടും ഇന്ന് പുലിയുടെ വയറ്റിൽ ആയേനെ". മലയണ്ണാൻ കണ്ണുമിഴിച്ചുനിന്നു പോയി.അവൻ കറുമ്പനോട് ചോദിച്ചു: "എന്നിട്ട് അനർ എങ്ങ് പോയി."കാക്കയ്ക്ക് ആ ചോദ്യം അത്ര പിടിച്ചില്ല. കാക്ക പറഞ്ഞു: "അനിക്ക് അറിയില്ല ,രണ്ടും പറപറന്നാ ഓടിയത്". കറുണപൻ പൊട്ടിച്ചിരിച്ചു.മലയണ്ണാൻ പിന്നെ അവിടെ നിന്നില്ല.ഉറക്കെ ചിലച്ചുക്കൊണ്ട് മുയൽക്കുട്ടന്മാരുടെ മാളത്തിനടുത്തേക്ക് വച്ചുപ്പിടിച്ചു. അധികം താമസിച്ചില്ല,അവൻ അവിടെ എത്തി.അവൻ അവരോട് കാര്യം തിരക്കി: "എന്താ മുയൽക്കുട്ടന്മാരെ നിങ്ങളിങ്ങനെ പേടിചിരിക്കുന്നത്"ചിഞ്ചു മുയൽ സാവധാനം പറഞ്ഞുതുടങ്ങി. "ഞാനും ചില്ലുവും കൂടി കരിയിലപ്പുറത്ത് കിടന്നുറങ്ങുകയായിരുന്നു.അപ്പോൾ ഒരു കാക്ക വന്ന് എന്റെ ചെവിയിൽ കൊത്തിവലിച്ചു."ചില്ലു പറഞ്ഞു. "ങേ ,അവൻ എന്റെ കാതിലും കൊത്തി വലിച്ചു. ഞാൻ അവന്റെ നേർക്കു ചാടി."ചിഞ്ചു പറഞ്ഞു. "ഞാനും അവനോടു വഴക്കിട്ടു". "പിന്നെ എന്തുണ്ടായി?"മലയണ്ണാൻ തിരക്കി. "ഓടിക്കോ ഒരു പുലി എന്നു പറഞ്ഞുകൊണ്ട് ആ കാക്ക പറന്നുപോയി".ചിഞ്ചു പറഞ്ഞുനിർത്തി.ചില്ലു ഭയത്തോടെ വിവരിച്ചുതുടങ്ങി: "പെട്ടെന്ന് ഞാൻ തിരിഞ്ഞുനോക്കി,ഒരു വലിയ വരയൻപുലി ഞങ്ങൾ നിൽക്കുന്നിടത്തേക്ക് നടന്നുവരുന്നത് ഞാൻ കണ്ടു.ഞാൻ ഓടിയോടി ക്ഷീണിച്ചു".മലയണ്ണാൻ പറഞ്ഞു. "ആ കാക്ക വന്നുകണ്ടതുകൊണ്ട് നിങ്ങൾ രക്ഷപ്പെട്ടു.എന്നിട്ട് നിങ്ങൾ അവനോട് വഴക്കടിച്ചു."ഇതുകേട്ടപ്പോൾ അവർക്ക് സങ്കടം വന്നു.അവർ സങ്കടത്തോടെ മലയണ്ണാനോട് പറഞ്ഞു. "ശരിയാണ് .ഞങ്ങൾ

അവനോട് മോശമായി പെരുമാറി.ഇനി ഞങ്ങൾ ആരോടും വഴക്കിടില്ല."
അങ്ങനെ പറഞ്ഞ് അവർ സന്തോഷത്തോടെ കളിച്ചു രസിച്ചു.

നിവേദിത



## സുഖിമാനും ദുഃഖിമാനും

സുഖിമാനും ദുഖിമാനും വളരെ നല്ല കൂട്ടുകാരായിരുന്നു.സുഖിമാൻ അന്നന്നു കിട്ടുന്നത് കൊണ്ട് വളരെ ആർഭാടമായി ജീവിച്ചു പോന്നു.ദുഖിമാൻ വളരെ എന്നും കിട്ടുന്നതിൽ നിന്ന് അല്പം വീതം മിച്ചം വെയ്ക്കുമായിരിന്നു. അവൻ സമയം കിട്ടുമ്പോഴൊക്കെ ഉപദേശിക്കും "പണം ഇങ്ങനെ ധൂർത്തടിക്കരുത്".നമുക്ക് നാളെക്കുറിച്ചു കുടി ചിന്ത വേണം".പക്ഷെ സുഖിമാൻ അവനെ കളിയാക്കി ചിരിച്ചതേയുള്ളൂ.അങ്ങനെയിരിക്കെ ഒരിക്കൽ ആ ഗ്രാമത്തിൽ കടുത്ത ക്ഷാമം പിടിപ്പെട്ടു.എങ്ങും കടുത്ത ദാരിദ്രം,പണമോ പണിയോ ഇല്ല.ആഹാരവും വെള്ളവുമില്ലാതെ ജനങ്ങൾ വിഷമിച്ചു.ഈ സമയം ദുഃഖിമാന് തന്റെ ശേഖരം

ഉണ്ടായതിനാൽ വിഷമിക്കേണ്ടി വന്നില്ല.സുഖിമാനവട്ടെ വിശന്നു വലഞ്ഞു ചാകാറായി ദുഃഖിമാന്റെ മുന്നിലെത്തി.അവനെ കണ്ട് മനസ്സലിഞ്ഞ ദുഃഖിമാൻ കൂട്ടുക്കാരന് വയറുനിറയെ ഭക്ഷണം നൽകി.എന്നിട്ടു പറഞ്ഞു"വിശപ്പുള്ളവനെ ആഹാരത്തിന്റെ വിലയറിയൂ...."



# ശാപക്കോട്ട

പണ്ട് പണ്ട് ഒരു ചെറിയ ദ്വീപിൽ ഒരു മീൻ പിടുത്തക്കാരൻ

ഉണ്ടായിരുന്നു.അയാൾക്ക് രണ്ട് സഹായികളും.അവർ എന്നും രാവിലെ അവരുടെ ചെറിയ തോണിയിൽ കടലിൽ
പോവും.ഉച്ചയാവുമ്പോഴേക്കും
അവർക്കു വേണ്ട മീനുകൾ കിട്ടും.

ഒരു ദിവസം പതിവുപോലെ അവർ രാവിലെ കടലിലിറങ്ങി.അവർ വല കടലിലേക്കിട്ടു.വൈകുന്നേരമായിട്ടും അവർക്ക് ഒരു മീൻപോലും കിട്ടിയില്ല.അപ്പോൾ മീൻ പിടുത്തക്കാരന്റെ സഹായികളിൽ ഒരാൾ പറഞ്ഞു "ചിലപ്പോൾ നടുകടലിലേക്കു പോയാൽ
മീൻ കിട്ടുമായിരിക്കും".അവർ ഉൾകടലിലേക്കു പോവാൻ തീരുമാനിച്ചു.അവിടെ എത്തിയപ്പോൾ തിരമാലയുടെ ശക്തി കൂടി. ആകാശം ഇരുണ്ട് കയറി. ശക്തിയുള്ള കാറ്റും മഴയും.ഒരു വലിയ തിരമാലയിൽ അവരുടെ തോണി മുങ്ങി.പിന്നീടൊന്നും ഓർമയില്ല.

അവർ കണ്ണുതുറന്നപ്പോൾ ഇരുണ്ട് മൂടി കിടക്കുന്ന ആകാശമാണ് കണ്ടത്.മുൻപിൽ നീണ്ടുകിടക്കുന്ന കടൽ,പിന്നിൽ മഞ്ഞൊരു പുകപോലെ മൂടി കിടക്കുന്ന കാടും.വേറെ മാഗനൊന്നും മുൻപിൽ
കാണാത്തതുക്കൊണ്ട് അവർ കാടിനു നേരെ നടന്നു.കാടിന്റെ നടുവിൽ
എത്തിയപ്പോഴേക്കും അവർ ഒരു കോട്ട കണ്ടു.ചാരനിറത്തിലുള്ള കോട്ടയിൽ നിറയെ എട്ടുകാലി വലകളും മാറാലകളും പറ്റിപിടിച്ചിരുന്നു.
വളരെ പഴക്കമുള്ള കൊട്ടാരമായിരിക്കും എന്നവർക്ക് മനസ്സിലായി.
അവർ കോട്ടയുടെ പടിക്കെട്ടുകൾ കയറിപ്പോൾ ആ കോട്ടയുടെ വാതിൽ
തനിയെ തുറന്നു.ഇരുവശത്തുമുള്ള പന്തങ്ങൾ കത്തി .അവർ അതിന്റെ
ഉള്ളിൽ കയറി.അവരുടെ ഇടവും വലതും കുറേ പട്ടാളക്കാരുടെയും മന്ത്രിമാരുടെയും പ്രതിമകൾ ഉണ്ടായിരുന്നു.മുൻപിൽ ഒരു ഉശിരുള്ള മഹാരാജാവിന്റേതും.പെട്ടെന്ന് അവരുടെ കണ്ണിൻമുൻപിൽ ഒരു മാന്ത്രികദണ്ഡ് പെട്ടു.എല്ലാം


പൊടിപിടിച്ചു ഇരിക്കുമ്പോൾ ആ ദണ്ഡ് മാത്രം തിളങ്ങി നിൽക്കുന്നു.മൂവരിൽ ഒരാൾ ആ ദണ്ഡിൽ തലോടി.

പെട്ടെന്ന് അതിൽ നിന്നൊരു പ്രകാശം വന്നെല്ലായിടത്തും പരന്നു.കൽപ്രതിമകൾ ജീവനുള്ള മനുഷ്യരായി.കൊട്ടാരം മിന്നി തിളങ്ങി.ആകാശം തെളിഞ്ഞു,സൂര്യൻ ഉദിച്ചു.എല്ലായിടത്തും പച്ചപ്പു പരന്നു.ഇതെലാം കണ്ട് അവർ അമ്പരന്നു.

വർഷങ്ങളായി ശാപം കിട്ടിയ രാജ്യമായിരുന്നു അത്.പുറത്തുളള ഒരാൾ വന്നു തൊട്ടാൽ ആ ശാപം മാറുമായിരുന്നു. കൊട്ടാത്തിലുള്ളവരുടെയും ആ നാട്ടിലുള്ളവരുടെയും ശാപം മാറ്റികൊടുത്ത മീൻപിടുത്തക്കാരനും സഹായികൾക്കും രാജാവ് ധാരാളം പൊന്നും പണവും നൽകി കപ്പലിൽ മടക്കി അയച്ചു.

**അദ്വൈത ജയൻ**

## മലയാള പഴഞ്ചൊല്ലുകൾ




# പറയാതെ വയ്യ

ഒരു പാട് തിരക്കുകൾക്കിടയിൽ എളിയ മാഗസിനോട് സഹകരിച്ചവർ അനേകരാണ്.

പോർഷൻസും സിലബസും എന്ന സ്ഥിരം പല്ലവികൾ ആവർത്തിക്കാതെ ഇതിൽ മുഴുകിയ നല്ലവരായ അധ്യാപകർ . . .

വെളിച്ചമായ്,കരുത്തായി മുന്നിൽ

നിന്ന് നയിച്ച ഹെഡ് മാസ്റ്റർ . . .

ഓടി ഇടയ്ക്ക് കിതച്ചു തളർന്നു

പോയോ എന്ന് സംശയിച്ചപ്പോൾ ഊർജമായി കൂടെ നിന്ന

ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് അദ്ധ്യാപകർ . . .

ആഘോഷമാക്കിമാറ്റിയ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ . . .

സ്നേഹമായ് ഒപ്പമുള്ള രക്ഷിതാക്കൾ . . .

എല്ലാവരോടും മനസ്സു നിറഞ്ഞ ഒരു വാക്ക്

നന്ദി

ഗ്രിഗറി പി തങ്കച്ചൻ

(ലിറ്റിൽ കൈറ്റ്സ് ലീഡർ)